സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഇലക്ട്രൽ ഓഫീസറുടെ തീരുമാനത്തിന് വിധേയമായി മാത്രമേ വോട്ടവകാശമുള്ള അംഗങ്ങൾ ഏതൊക്കെ എന്നത് നിജപ്പെടുത്താനാകൂ. കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്)-ന് വിധേയമായി നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചുകൂട്ടുകയും നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ പൊതുയോഗത്തിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

(ബി) 10-12-2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന സംഘങ്ങൾക്ക് 2012-ലെ 13-ാം നിയമഭേദഗതി പ്രകാരം വോട്ടവകാശം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി ഇലക്ട്രൽ ഓഫീസറെ നിയമിച്ചുതരുന്നതിന് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഇലക്ട്രൽ ഓഫീസറുടെ തീരുമാനത്തിനുവിധേയമായി മാത്രമേ വോട്ടവകാശമുള്ള എത്ര അംഗങ്ങൾ ഉണ്ടാകും എന്നത് നിജപ്പെടുത്താനാകൂ.

(സി) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്) പ്രകാരം 10-12-2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശത്തിന് അർഹതയുണ്ട്. ഇലക്ട്രൽ ഓഫീസറുടെ തീരുമാനത്തിനുവിധേയമായി മാത്രമേ വോട്ടവകാശമുള്ള സംഘങ്ങൾ ഏതൊക്കെ എന്നത് നിജപ്പെടുത്താനാകൂ.

### കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തെരഞ്ഞെടുപ്പ്

170 (2290) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പോളിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ തടസ്സപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുവാൻവേണ്ടി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത തെരഞ്ഞെടുപ്പ് സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട് ;

(ഡി) ഈ കേസിന് എത്ര തുക കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെലവഴിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ഹൈക്കോടതിയുടെ അന്തിമവിധിയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) 3 കേസ്സുകൾ നിലവിലുണ്ട്.

(ഡി) കേസ്സ് നടത്തിപ്പിന് 50,000 രൂപ ബാങ്ക് ചെലവഴിച്ചിട്ടുണ്ട്.

**മരിച്ചുപോയ കാൻസർ രോഗികളുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി**

171 (2291) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രാഥമിക സഹകരണ ബാങ്കുകളിൽ വായ്പ കുടിശ്ശിക ഉള്ളവരും മരിച്ചു പോയവരുമായ ക്യാൻസർ രോഗികളുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

പദ്ധതി നിലവിലുണ്ട്. ("കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി-2008").

**ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി**

172 (2292) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ ; തെരഞ്ഞെടുപ്പിലെ വോട്ടവകാശം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) സഹകരണ നിയമ ഭേദഗതിയനുസരിച്ച് ജില്ലാ ബാങ്കുകളുടെ ബൈലാ ഭേദഗതി ചെയ്യുന്നതിന് ജനറൽബോഡികൾ വിളിച്ചുചേർത്ത് അംഗീകാരം നേടുകയുണ്ടായോ ;

(സി) പ്രസ്തുത ജനറൽബോഡിയിൽ നിലവിൽ അംഗങ്ങളല്ലാത്ത സംഘങ്ങളുടെ പ്രതിനിധികളെയും വിളിച്ചുചേർക്കുകയുണ്ടായോ ; ഇത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ ;